# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *84 30.01.2019 -ന് മറുപടിയ്ക്ക്

## പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ജെ. മാക്സി :<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ :<br>ശ്രീ. പി. ടി. എ. റഹീം :<br>ശ്രീ. ജോർജ് എം. തോമസ് : | ശ്രീ. എ. കെ. ബാലൻ<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| (എ) പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ; | (എ) പിന്നാക്ക വിഭാഗ വികസന വകുപ്പിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1. ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ്<br>2. ഒ.ബി.സി. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്<br>3. ഒ.ഇ.സി. ലംപ്സം ഗ്രാന്റ്<br>4. ഒ.ഇ.സി. പോസ്റ്റ്മെട്രിക് അസിസ്റ്റൻസ്<br>5. ഓവർസീസ് സ്കോളർഷിപ്പ്<br>6. അഡ്വക്കേറ്റ് ഗ്രാന്റ്<br>7. എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം<br>8. ഓട്ടോമൊബൈൽ മേഖലയിൽ തൊഴിൽ പരിശീലനം<br>9. പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ധനസഹായം<br>10. പരമ്പരാഗത ബാർബർ തൊഴിലാളികൾക്കുള്ള ധനസഹായം<br>11. പരമ്പരാഗത കരകൗശല പണിക്കാർക്കുള്ള നൈപുണ്യ വികസന പരിശീലനത്തിനും ടൂൾകിറ്റിനുമുള്ള ധനസഹായം |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ഈ രംഗത്ത് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തി വരുന്നതെന്ന് വ്യക്തമാക്കാമോ ; | (ബി) | കേരളത്തിലെ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെയും മതന്യൂനപക്ഷങ്ങളുടെയും ഉന്നമനം ലക്ഷ്യം വെച്ചുകൊണ്ട് രൂപീകരിച്ച പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നിരവധി വായ്പാ പദ്ധതികൾ നടപ്പിലാക്കി വരുന്നു. സ്വയം തൊഴിൽ വായ്പ, വിദ്യാഭ്യാസ വായ്പ, മൈക്രോ ക്രെഡിറ്റ് വായ്പ, വനിതകൾക്ക് മാത്രമായുള്ള മഹിളാ സമൃദ്ധി യോജന വായ്പ, വിവാഹ വായ്പ, വ്യക്തിഗത വായ്പ, വാഹന വായ്പ, ഗൃഹ പുനരുദ്ധാരണ വായ്പ, പ്രവർത്തന മൂലധന വായ്പ തുടങ്ങിയ വായ്പാ പദ്ധതികളോടൊപ്പം ഈ സർക്കാർ നിലവിൽ വന്നതിനു ശേഷം വിദേശത്ത് നിന്ന് മടങ്ങിയെത്തുന്നവർക്കായിട്ടുള്ള പ്രവാസി പുനരധിവാസ വായ്പ, പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട് അപ് സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സ്റ്റാർട്ട് അപ് വായ്പ, ഭവന രഹിതർക്ക് ഭവന നിർമ്മാണത്തിന് വേണ്ടിയുള്ള എന്റെ വീട് വായ്പ തുടങ്ങിയ വായ്പാ പദ്ധതികളും പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>1995 -ൽ രൂപീകൃതമായ കോർപ്പറേഷൻ നാളിതുവരെ 5 ലക്ഷം ഗുണഭോക്തൃ കുടുംബങ്ങൾക്ക് വിവിധ പദ്ധതികളിൽ 3000 -ൽ പരം കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം നാളിതുവരെ 110487 ഗുണഭോക്താക്കൾക്കായി 1066.01 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. വായ്പാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനോടൊപ്പം കോർപ്പറേഷൻ പ്രദർശന വിപണന മേള, സൗജന്യ തൊഴിലധിഷ്ഠിത പരിശീലനം തുടങ്ങിയ പദ്ധതികളും നടപ്പിലാക്കി വരുന്നു. |
| (സി) | പിന്നാക്ക വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി കോർപ്പറേഷൻ വായ്പാ പദ്ധതി നടപ്പിലാക്കിയി ട്ടുണ്ടോ ; വിശദമാക്കാമോ ; | (സി) | 3 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ള പിന്നാക്ക വിഭാഗത്തിലെ യുവതീ യുവാക്കൾക്ക് വരുമാനദായകമായ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 20 ലക്ഷം രൂപ വരെ 6% മുതൽ 7% പലിശ നിരക്കിൽ കോർപ്പറേഷൻ നൽകുന്നു. ഇതിൽ പ്രൊഫഷണൽ യോഗ്യതയുള്ള സംരംഭകർക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ 20% മൂലധന സബ്സിഡിയും (പരമാവധി 2 ലക്ഷം) കോർപ്പറേഷൻ മുഖാന്തിരം നൽകുന്നു. കൂടാതെ |

പ്രവാസ ജീവിതത്തിന് ശേഷം നാട്ടിൽ മടങ്ങി എത്തുന്നവർക്കായി സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനായി കോർപ്പറേഷൻ റീ-ടേൺ വായ്പാ പദ്ധതി പ്രകാരം 20 ലക്ഷം രൂപ വരെ 6% മുതൽ 7% വരെ പലിശ നിരക്കിൽ നൽകുന്നു. ടി പദ്ധതി പ്രകാരം നോർക്കാ റൂട്ട്സിൽ നിന്നും പദ്ധതി അടങ്കലിന്റെ 15% വരെ (പരമാവധി 3 ലക്ഷം) മൂലധന സബ്സിഡിയും വായ്പാ തിരിച്ചടവിന്റെ ആദ്യ 4 വർഷങ്ങളിൽ 3% പലിശ സബ്സിഡിയും ലഭിക്കുന്നു.

(ഡി) പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി പുതിയ ഉപജില്ലാ ഓഫീസുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

(ഡി) കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി പുതിയ 10 ഉപജില്ലാ ഓഫീസുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | ഓഫീസ് |
|---|---|---|
| 1 | തിരുവനന്തപുരം | നെയ്യാറ്റിൻകര |
| 2 | കൊല്ലം | പത്തനാപുരം |
| 3 | കൊല്ലം | കരുനാഗപ്പള്ളി |
| 4 | ആലപ്പുഴ | ചേർത്തല |
| 5 | ഇടുക്കി | ദേവികുളം |
| 6 | എറണാകുളം | മൂവാറ്റുപുഴ |
| 7 | പാലക്കാട് | വടക്കഞ്ചേരി |
| 8 | കോഴിക്കോട് | പേരാമ്പ്ര |
| 9 | കണ്ണൂർ | തലശ്ശേരി |
| 10 | കാസർഗോഡ് | കാഞ്ഞങ്ങാട് |

സെക്ഷൻ ഓഫീസർ